13
2021
നവംബർ
ശനി
1197
തുലാം 27

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 185 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-185 പേജ് 4. വില 2.00 രൂപ




02 മഴക്കെടുതിയിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്കു പകരം കാർഡ്

03 ഇന്ന് 6674 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു

04 ഇറക്കുമതി ഉത്പന്നങ്ങളിൽ ഇനി നിർമാണത്തീയതി നിർബന്ധം

# ട്രെയിൻ യാത്രയ്ക്ക് ഇനി പഴയ നിരക്ക്



ന്യൂഡൽഹി: ട്രെയിൻ നിരക്കുകൾ സാധാരണ നിലയിലേക്ക് മടങ്ങിയെത്തുന്നു. മെയിൽ, എക്സ്പ്രസ് ട്രെയിനുകൾക്കുള്ള പ്രത്യേക ടാഗ് നിർത്തലാക്കാനും അടിയന്തര പ്രാബല്യത്തോടെ കോവിഡിന് മുൻപുള്ള ടിക്കറ്റ് നിരക്കിലേക്ക് മടങ്ങാനും റെയിൽവേ ഉത്തരവ് പുറപ്പെടുവിച്ചു. നിരക്ക് വർധനയെ ചൊല്ലിയുള്ള യാത്രക്കാരുടെ നിരന്തരമായ സമ്മർദത്തെത്തുടർന്നാണ് നടപടി. കോവിഡിൻറെ പശ്ചാത്തലത്തിൽ ലോക്ക്ഡൗൺ ഇളവ് ചെയ്തതിന് ശേഷം റെയിൽവേ പ്രത്യേക ട്രെയിനുകൾ മാത്രമാണ് ഓടിച്ചിരുന്നത്. ആദ്യം ദീർഘദൂര ട്രെയിനുകളും പിന്നീട് പാസഞ്ചർ തീവണ്ടികളിലും ഉയർന്നനിരക്കാണ് ഈടാക്കിയിരുന്നത്. ടിക്കറ്റിന് അധിക തുക ഈടാക്കിയുള്ള ഈ സർവീസ് സ്ഥിരം യാത്രികർക്കും സാധാരണക്കാർക്കും ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു.

സാധാരണ നമ്പറിൽ തന്നെ പ്രവർത്തിപ്പിക്കാമെന്നും കോവിഡിന് മുമ്പുള്ള നിരക്കിലേക്ക് മാറണമെന്നും സോണൽ ഓഫീസർമാർക്ക് അയച്ച കത്തിൽ റെയിൽവേ വ്യക്തമാക്കി. ഉത്തരവ് ഉടനടി നടപ്പാക്കാനാണ് നിർദേശമെങ്കിലും പഴയ സ്ഥിതിയിലേക്ക് മാറാൻ ഒന്നോ രണ്ടോ ദിവസമെടുക്കുമെന്നാണ് റെയിൽവേ അധികൃതർ വിശദീകരിക്കുന്നത്.

## പട്ടം എസ് യു ടി ആശുപത്രി ലോക പ്രമേഹ ദിനം ആചരിച്ചു



തിരുവനന്തപുരം: ലോക പ്രമേഹ ദിനത്തോടനുബന്ധിച്ച് പട്ടം എസ് യു ടി ആശുപത്രിയിൽ 'പ്രമേഹം ജീവിതശൈലി കൊലയാളിയോ? (ഉശമയലലേ കശ േവേല ഘശളലലേ്യഹല ഗശഹഹലൃ?' എന്ന പ്രമേഹ സംബന്ധമായ എല്ലാ വിഷയങ്ങളെയും പ്രതിപാദിച്ചു കൊണ്ട് വെബിനാർ സംഘടിപ്പിച്ചു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി വീണ ജോർജ് വെബിനാർ ഉദ്ഘാടനം ചെയ്തു. എസ് യു ടി ആശുപത്രിയുടെ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി അധ്യക്ഷത വഹിച്ചു. മാറി വരുന്ന ജീവിതശൈലി പ്രമേഹ രോഗികളെ സൃഷ്ഠിക്കുകയും രോഗം മൂർച്ഛിക്കാനുള്ള സാധ്യതയേറുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ പ്രമേഹരോഗത്തെക്കുറിച്ച് ബോധവൽക്കരണം, പ്രതിരോധം, രോഗനിർണ്ണയം, ചികിത്സ എന്നിവയ്ക്ക് പ്രാധാന്യം നൽകണമെന്ന സന്ദേശം പൊതുജനങ്ങളിൽ എത്തിക്കുക എന്ന ഉത്തരവാദിത്തം നിറവേറ്റുകയാണ് പരിപാടിയുടെ പ്രധാന ലക്ഷ്യം. മെഡിക്കൽ സൂപ്രണ്ട് ഡോ അനൂപ് ചന്ദ്രൻ പൊതുവാൾ, ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ കെ പി പൗലോസ്, ഡോ രമേശൻ പിള്ള, ഡോ ധന്യ വി ഉണ്ണികൃഷ്ണൻ, ഡോ ആനി അലക്സാണ്ടർ, ഡോ ഹേമലത, ഡോ സിനു, ഡോ വൈശാഖ് വർമ്മ, ക്ലിനിക്കൽ ന്യൂട്രീഷനിസ്റ്റ് പ്രീതി ആർ നായർ എന്നിവർ വെബിനാറിൽ പങ്കെടുത്തു.

## അച്ചൻകോവിലാർ കരകവിഞ്ഞു, തീരങ്ങളിൽ പ്രളയം

പത്തനംതിട്ട: അച്ചൻകോവിൽ നദിതീരഗ്രാമങ്ങളും താഴ്ന്ന റോഡുകളും വെള്ളത്തിനടിയിലായതും പൊടുന്നനെയാണ്. നേരം പുലർന്നതോടെ വാഹനങ്ങളുമായെത്തിയവർ റോഡുകളിലെ വെള്ളം കണ്ട് അമ്പരന്നു. തീരങ്ങളിലെ വീടുകളിലേക്കും വെള്ളം ഇരച്ചുകയറിയതോടെ വീണ്ടും ഒരുപ്രളയത്തിന്റെ കെടുതിയിലായി പ്രദേശങ്ങൾ. തുടർച്ചയായ നാലാമത്തെ വെള്ളപ്പൊക്കത്തിനാണ് തീരം സാക്ഷ്യംവഹിച്ചത്.

കോന്നി ഐരവൺ അരുവാപ്പുലം തടി ഡിപ്പോ, അട്ടച്ചാക്കൽ, താഴൂർ വെട്ടൂർ ഭാഗങ്ങൾ രാവിലെയോടെ മുങ്ങിത്തുടങ്ങി. റോഡുകളിലെല്ലാം വെള്ളം കയറി ഗതാഗതം മുടങ്ങി. കോന്നി അട്ടച്ചാക്കൽ കുമ്പഴ, കോന്നി ഐരവൺ, കോന്നി കൊക്കാത്തോട്, അച്ചൻകോവിൽ റോഡുകളിൽ ഗതാഗത തടസം ഉണ്ടായി. അച്ചൻ കോവിൽ കോടമലവനത്തിലും സമാനമായ നിലയിൽ ഉരുൾപൊട്ടൽ ഉണ്ടായതോടെ കല്ലാറിലും ജലനിരപ്പുയരുന്നുണ്ടായിരുന്നു.

കോന്നി അച്ചൻ കോവിൽ റോഡിൽ കല്ലും മണ്ണും തടിയും വന്നു അടിഞ്ഞതിനാൽ ഗതാഗതം പൂർണമായും മുടങ്ങി.

അച്ചൻകോവിൽ കാനന പാതയിൽ പല ഭാഗത്തും വെള്ളം കയറി. അച്ചൻകോവിലാറ്റിലെ വെള്ളം പത്തനംതിട്ട ടൗൺഭാഗംവരെയെത്തി. തുടർച്ചയായ നാലാമത്തെ പ്രളയക്കെടുതി ഈ ഭാഗങ്ങളിലും ഉണ്ടായി.

പത്തനംതിട്ട നഗരത്തിലെ താഴ്ന്ന ഭാഗങ്ങളും വെള്ളത്തിൽ മുങ്ങി. പത്തനംതിട്ടമേരിമാതാ ഫെറോന പള്ളി അങ്കണം, മേരിമാതാ നേഴ്സറി സ്കൂൾ പരിസരങ്ങളിലും കോ ഓപ്പറേറ്റീവ് കോളജിലും അഴൂർ ഭാഗങ്ങളിലും, സ്റ്റേഡിയത്തിനു സമീപത്തെവയലുകളിലുമെല്ലാം വെള്ളം കയറി.

## ടെക്സസിലെ തീപിടിത്തം; മരിച്ചവരിൽ ഇന്ത്യൻ വംശജയും



ടെക്സസ്: അമേരിക്കയിൽ സംഗീത നിശയ്ക്കിടെയുണ്ടായ തീപിടിത്തത്തിൽ മരിച്ചവരിൽ ഇന്ത്യൻ വംശജയും. ഭാരതി ഷഹാനി(22)ആണ് മരിച്ചത്. പരിക്കേറ്റ് ചികിത്സയിലിരിക്കെയാണ് ഭാരതി മരണത്തിന് കീഴടങ്ങിയത്. ഇതോടെ അപകടത്തിലെ മരണസംഖ്യ ഒൻപതായി.

തൻറെ സഹോദരിക്കൊപ്പമാണ് ഭാരതി ടെക്സസിൽ നടന്ന ട്രാവിസ് സ്കോട്ട് ആസ്ട്രോവേൾഡ് എന്ന സംഗീത നിശയിൽ പങ്കെടുക്കാൻ പോയത്. എന്നാൽ 50,000ത്തിലധികം ആളുകൾ പങ്കെടുത്ത പരിപാടിയിൽ തീപടർന്ന് പിടിക്കുകയായിരുന്നു. ഇതോടെ ജനക്കൂട്ടം പരിഭ്രാന്തരായി ഓടി.

തിക്കിലും തിരക്കിലും നിരവധി പേർക്ക് പരിക്കേറ്റു. പൊള്ളലേറ്റ് സംഭവസ്ഥലത്ത് തന്നെ എട്ട് പേർ മരിച്ചു. അപകടത്തിൻറെ നടുക്കത്തിൽ 11 പേർക്ക് ഹൃദയാഘാതവും സംഭവിച്ചു. നവംബർ അഞ്ചിനാണ് അപകടം നടന്നത്.

ടെക്സാസ് സർവകലാശാലയിലെ വിദ്യാർഥിനിയായിരുന്നു ഭാരതി. അപകടത്തെ തുടർന്ന് ഭാരതിയുടെ തലച്ചോറിനാണ് പരിക്കേറ്റത്.

## കാര്യവട്ടം ക്ലിഫ് സെമിനാർഹാൾ സമുച്ചയം ഉദ്ഘാടനവും സ്റ്റാർട്ട് അപ് ഗ്രാന്റ് വിതരണവും വ്യവസായനിയമമന്ത്രി നിർവഹിച്ചു

കേരളസർവകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലെ സെൻട്രൽ ലബോറട്ടറിയായ ക്ലിഫിൽ ആധുനിക സൗകര്യങ്ങളോടെ നിർമ്മിച്ച സെമിനാർഹാൾ സമുച്ചയത്തിന്റെ ഉദ്ഘാടനം ബഹു. വ്യവസായ നിയമ വകുപ്പുമന്ത്രി ശ്രീ.പി.രാജീവ് നിർവഹിച്ചു. കേരളസർവകലാശാലയുടെ സ്റ്റാർട്ട് അപ്പ് പ്രോജക്ടുകൾക്കുള്ള ഗ്രാന്റുകളും മന്ത്രി വിതരണം ചെയ്തു. വൈസ് ചാൻസലർ പ്രൊഫ.(ഡോ.)വി.പി.മഹാദേവൻപിള്ള അധ്യക്ഷത വഹിച്ചു.

സെമിനാർഹാൾ സമുച്ചയത്തിലെ മൂന്നു ഹാളുകളെ യഥാക്രമം സി.വി രാമൻ ഹാൾ, ശ്രീനിവാസ രാമാനുജൻ കോൺഫറൻസ് ഹാൾ, ജാനകിയമ്മാൾ സെമിനാർ ഹാൾ എന്നിങ്ങനെയാണ് നാമകരണം ചെയ്തിട്ടുള്ളത്.

200 പേർക്ക് ഇരിക്കാൻ കഴിയുന്ന അത്യാധുനിക സൗകര്യങ്ങളുള്ളതാണ് സി.വി രാമൻ ഹാൾ. 25 പേർക്ക് ഒരേ സമയം പങ്കെടുക്കാൻ സാധിക്കുന്ന വീഡിയോ കോൺഫറൻസ് ഹാളാണ് ശ്രീനിവാസ രാമാനുജൻ കോൺഫറൻസ് ഹാൾ. കുറഞ്ഞത് 75 പേർക്ക് ഇരിക്കാവുന്ന, ഓൺലൈൻ സംവിധാനങ്ങൾ ഉള്ളതാണ് ജാനകിയമ്മാൾ സെമിനാർ ഹാൾ. 4.25 കോടിയോളം തുക ചെലവഴിച്ചാണ് അത്യാധുനിക സൗകര്യങ്ങളുള്ള സെമിനാർ ഹാളിന്റെയും ബന്ധപ്പെട്ട കെട്ടിട സമുച്ചയത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയിരിക്കുന്നത്.

നിലവിലുള്ള 78 സ്റ്റാർട്ട്അപ്പ് പ്രോജക്ടുകൾക്കാണ് ധനസഹായം നൽകിയത്. സ്റ്റാർട്ട് അപ്പ് പ്രോജെക്ടിനായി 43.5 ലക്ഷം രൂപയാണ് സർവകലാശാല വകകൊള്ളിച്ചിട്ടുള്ളത്.

ചടങ്ങിൽ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ.കെ.എച്ച്.ബാബുജാൻ, ഡോ.എസ്.നസീബ്, അഡ്വ.എ.അജികുമാർ, ഡോ.ഗോപ്ചന്ദ്രൻ കെ.ജി., ഡോ.കെ.ബി.മനോജ്, പ്രൊഫ.കെ.ലളിത, ശ്രീമതി.രഞ്ജു സുരേഷ്, ശ്രീ.ജയരാജ് ജെ, ശ്രീ.ആർ.അരുൺകുമാർ, ശ്രീ.റിയാസ് വഹാബ്, സർവകലാശാല രജിസ്ട്രാർ ഡോ.കെ.എസ്.അനിൽകുമാർ, ക്ലിഫ് ഡയറക്ടർ ഡോ.ജി.എം.നായർ, ക്യുബിക് ഡയറക്ടർ ഡോ.മനോജ് ചങ്ങാട്ട്, ഗവേഷക യൂണിയൻ ജനറൽ സെക്രട്ടറി പി. കൃഷ്ണദാസ് എന്നിവർ പങ്കെടുത്തു.

കേരളസർവകലാശാല ഐ.ക്യൂ.എ.സി.യും ഫിസിക്സ് വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച 'മീറ്റ് ദി സ്കോളർ' പരിപാടിയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പദ്മശ്രീ പ്രൊഫ. ദിപാങ്കർ ബാനർജി പ ങ്കെടുത്തു. ടരശലിരല, ഠലരവിീഹീഴ്യ മിറ ടീരശലറ്യേ എന്ന വിഷയത്തിൽ പ്രൊഫ. ബാനർജി അധ്യാപകരുമായും കുട്ടികളുമായും സംവദിച്ചു. സർവകലാശാല പ്രൊ-വൈസ് ചാൻസലർ പ്രൊഫ. (ഡോ.) പി.പി.അജയകുമാർ മുഖ്യ പ്രഭാഷണം നടത്തി. ഗൂഗിൾ മീറ്റിൽ വൈകിട്ട് 5.30 ന് ആയിരുന്നു പരിപാടി.

## ജി.എസ്.ടി: നികുതി വരുമാനം കുറയുന്ന സാഹചര്യം പൂർണമായി പരിഹരിക്കപ്പെടണമെന്നു മന്ത്രി

ജി.എസ്.ടി. നടപ്പാക്കുന്നതിലെ പാകപ്പിഴ മൂലം സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവാണുണ്ടാകുന്നതെന്നും പോരായ്മകൾ പൂർണമായി പരിഹരിക്കപ്പെടാൻ അടിന്തര നടപടിയുണ്ടാകണമെന്നും ധനമന്ത്രി കെ.എൻ. ബാലഗോപാൽ. ജി.എസ്.ടി. നടപ്പാക്കിയതുകൊണ്ട് സംസ്ഥാനങ്ങൾക്കോ നികുതിദായകരായ സാധാരണക്കാർക്കോ യാതൊരു പ്രയോജനവുമുണ്ടായിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. 'ജി.എസ്.ടി ഇന്ത്യൻ അനുഭവ പാഠങ്ങൾ' എന്ന വിഷയത്തിൽ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ(ഗിഫ്റ്റ്) സംഘടിപ്പിക്കുന്ന ദ്വിദിന ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.


സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യം ചോദ്യംചെയ്യപ്പെടുന്ന രീതിയിലാണു ചരക്കു സേവന നികുതി നടപ്പാക്കിയിരിക്കുന്നതെന്നു മന്ത്രി ചൂണ്ടിക്കാട്ടി. സംസ്ഥാനങ്ങൾക്കു കിട്ടേണ്ട നികുതിയെന്തെന്നു കേന്ദ്രം തീരുമാനിക്കുന്ന സ്ഥിതിയാണുള്ളത്. ഇതു സംസ്ഥാന സർക്കാരുകളെ മാത്രമല്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെപ്പോലും ഗൗരവമായി ബാധിച്ചിട്ടുണ്ട്.

ചരക്കു നീക്കവും നികുതി പിരിവും സുതാര്യമാകും, ചെക്പോസ്റ്റുകൾ വേണ്ട, നികുതി വരുമാനം കൂടും, ഉപഭോക്താക്കൾക്കു ലഭിക്കുന്ന സാധനങ്ങളുടെ വില കുറയും തുടങ്ങിയവയായിരുന്നു ജി.എസ്.ടി. നടപ്പാക്കുമ്പോഴുള്ള വാഗ്ദാനം. ഫലത്തിൽ സംഭവിച്ചത് തിരിച്ചാണ്. ജി.എസ്.ടി. നഷ്ടപരിഹാരം ലഭിക്കുന്നതിലും വലിയ കുറവാണുസംസ്ഥാനത്തിനുള്ളതെന്നും വരുന്ന ജൂലൈയിൽ ഇത് അവസാനിക്കുന്നതോടെ സ്ഥിതി സങ്കീർണമാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

കോർപ്പറേറ്റുകൾക്ക് ഇളവുകൾ നൽകുന്നതിലൂടെ കേന്ദ്രത്തിനു പ്രത്യക്ഷ നികുതി വരുമാനത്തിൽ അനുഭവപ്പെടുന്ന വലിയ കുറവ് നികത്താൻ പരോക്ഷ നികുതിയിലേക്കു കൈകടത്തുകയാണ്. ഇതു രാജ്യത്തിന്റെ സാമ്പത്തിക രംഗം ശക്തിപ്പെടുത്തുന്നതിൽ വലിയ പ്രശ്നം സൃഷ്ടിക്കും. ചരക്കു സേവന നികുതി എന്ന ആശയം കൃത്യവും വ്യക്തവുമായി നടപ്പാക്കിയാൽ വരുമാനം കൂട്ടാൻ കഴിയും. ഇതു നടപ്പാക്കിയതിലെ പാളിച്ച മൂലം നിരവധി ചോർച്ചകൾ ഇപ്പോഴും നിലനിൽക്കുന്നതായും അദ്ദേഹം പറഞ്ഞു.

രാജ്യത്ത് ചരക്കു സേവന നികുതി നടപ്പാക്കി നാലു വർഷം പിന്നിടുന്ന വേളയിൽ സാമ്പത്തിക രംഗത്ത് ഈ പുതിയ നികുതി സമ്പ്രദായം ഉണ്ടാക്കിയിട്ടുള്ളതു നിരാശപ്പെടുത്തുന്ന അനുഭവമാണെന്നു ശിൽപ്പശാലയിൽ പങ്കെടുത്ത മുൻ ധനമന്ത്രി ഡോ. ടി.എം. തോമസ് ഐസക് പറഞ്ഞു. ജി.എസ്.ടിയുണ്ടാക്കിയിട്ടുള്ള നിരാശ എല്ലാ തലങ്ങളിലും പ്രകടമാണ്. സംസ്ഥാനങ്ങളുടെ നികുതി വരുമാനത്തിൽ വർധനയുണ്ടായിട്ടില്ലെന്നു മാത്രമല്ല താഴേക്കു പോകുകയാണ്. ചരക്കു സേവന നികുതി ഘടനയിൽ പൊളിച്ചെഴുത്തുകൾ വരേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഗിഫ്റ്റ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ശിൽപ്പശാലയുടെ ആദ്യ ദിനത്തിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആൻഡ് പോളിസി ഡയറക്ടർ പ്രൊഫ. പിനാകി ചക്രവർത്തി, മുൻ ഡയറക്ടർ പ്രൊഫ. എം. ഗോവിന്ദറാവു, ധനവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ആർ.കെ. സിങ് തുടങ്ങി വിവിധ സംസ്ഥാനങ്ങളിൽനിന്ന് ധനകാര്യ മേഖലയിലെ വിദഗ്ധർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



വെട്ടുകാട് മാദ്രെ ദെ ദേവൂസ് ദേവാലയത്തിൽ ക്രിസ്തുരാജത്വ തിരുനാൾ മഹോത്സവത്തിന് തുടക്കം കുറിച്ച് നടന്ന കൊടിയേറ്റ്

# കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് മാർഗനിർദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം: മന്ത്രി

കുടുംബശ്രീ ത്രിതല സംഘടനാ തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടപ്പിലാക്കാൻ സമയക്രമം തീരുമാനിച്ചെന്നും മാർഗനിർദേശങ്ങൾ പാലിച്ച് തെരഞ്ഞെടുപ്പ് സംഘടിപ്പിക്കണമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ബൈലോ പ്രകാരം 2021 ജനുവരി 25ന് ഭരണസമിതികളുടെ കാലാവധി അവസാനിച്ചിരുന്നു. കോവിഡ് പ്രതിസന്ധി മൂലം യഥാസമയം തെരഞ്ഞെടുപ്പ് നടത്താൻ സാധിക്കാതെ വന്നപ്പോൾ നിലവിലുള്ള ഭരണ സമിതിക്ക് തുടരാൻ അനുവാദം നൽകുകയായിരുന്നു.

കുടുംബശ്രീ സംഘടനാ സംവിധാനങ്ങളുടെ തെരഞ്ഞെടുപ്പ് സ്വതന്ത്രവും നീതിയുക്തവും സമയബന്ധിതമായും നടത്താൻ ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡിസംബർ 4നകം തെരഞ്ഞെടുപ്പ് ജനാധിപത്യ രീതിയിൽ നടത്തുന്നതിന് ഒരു ഉദ്യോഗസ്ഥനെ കുടുംബശ്രീ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായി ജില്ലാ കലക്ടർ നിയോഗിക്കേണ്ടതാണ്. ഡിസംബർ 7നകം സി ഡി എസ് വരണാധികാരിയെ നിശ്ചയിക്കണം. ഡിസംബർ 14നകം എ ഡി എസ് തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ നിയോഗിക്കേണ്ടത് സി ഡി എസ് വരണാധാകാരിയാണ്. ഇത്തരം കാര്യങ്ങളെല്ലാം ചിട്ടപ്പെടുത്തി നടപ്പിലാക്കാൻ ജില്ലാ കലക്ടർമാരെ ചുമതലപ്പെടുത്തിയെന്ന് മന്ത്രി വ്യക്തമാക്കി.

2022 ജനുവരി 26ന് പുതിയ ഭരണസമിതികൾ അധികാരമേൽക്കണം. അതിന് മുന്നോടിയായി നടക്കേണ്ട തെരഞ്ഞെടുപ്പിന്റെ സമയക്രമം നിശ്ചയിച്ചു. തെരഞ്ഞെടുപ്പ് വിജ്ഞാപനവും വോട്ടർപട്ടിക പ്രസിദ്ധീകരിക്കലും 2021 ഡിസംബർ 20ന് പൂർത്തിയാക്കും. അയൽക്കൂട്ട യോഗങ്ങൾ ചേർന്ന് അധ്യക്ഷയെ ഡിസംബർ 22നും 26 നും ഇടയിൽ തിരഞ്ഞെടുക്കും. അയൽക്കൂട്ട അധ്യക്ഷമാർക്കുള്ള പരിശീലനം ഡിസംബർ 27 മുതൽ 31 വരെ സംഘടിപ്പിക്കും. അയൽക്കൂട്ട തെരഞ്ഞെടുപ്പ് 2022 ജനുവരി 7 മുതൽ 13വരെ നടത്തും. എ ഡി എസ് തെരഞ്ഞെടുപ്പ് ജനുവരി 16 മുതൽ 21 വരെ നടത്തും. സി ഡി എസ് തെരഞ്ഞെടുപ്പ് ജനവരി 25നാണ് നിശ്ചയിച്ചിരിക്കുന്നത്. തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി നിലവിലുള്ള അയൽക്കൂട്ടങ്ങളുടെ അഫിലിയേഷൻ 2021 ഡിസംബർ 15നകം പൂർത്തീകരിക്കണമെന്ന് മന്ത്രി നിർദേശിച്ചു.

തെരഞ്ഞെടുപ്പ് യോഗ്യത നേടിയ അയൽക്കൂട്ടങ്ങളുടെ വിശദാംശങ്ങൾ ഡിസംബർ 20നകം അതത് ജില്ലാ മിഷൻ ഓഫീസുകളിൽ എത്തിക്കാൻ സി ഡി എസ് മെമ്പർ സെക്രട്ടറിമാർ നിർദേശം നൽകണം. 202021 വരെയുള്ള ഓഡിറ്റിംഗ് പൂർത്തീകരിച്ച അയൽക്കൂട്ടങ്ങൾക്ക് മാത്രമേ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാനാവു. എന്നാൽ, കോവിഡ് പശ്ചാത്തലത്തിൽ 202021 വരെയുള്ള ഓഡിറ്റിംഗ് പൂർത്തീകരിക്കാൻ സാധിക്കാത്ത അയൽക്കൂട്ടങ്ങൾ 201920 വരെയുള്ള ഓഡിറ്റിംഗ് പൂർത്തീകരിച്ച് 202021ൽ അഫിലിയേഷൻ പുതുക്കിയെങ്കിൽ തെരഞ്ഞെടുപ്പിൽ പങ്കെടുക്കാം. വിജ്ഞാപനത്തിന് 90 ദിവസം മുമ്പ് പുതുതായി രൂപീകരിച്ച അയൽക്കൂട്ടങ്ങൾക്ക് ഓഡിറ്റിംഗ് നിർബന്ധമില്ലെന്നും മന്ത്രി പറഞ്ഞു.

ഓക്സിലറി ഗ്രൂപ്പുകൾ പ്രവർത്തനം തുടങ്ങുന്നതോടെ കുടുംബശ്രീക്ക് പുതിയ വേഗവും ലക്ഷ്യവും കൈവരിക്കാൻ കഴിയുമെന്നും സ്ത്രീധന പീഡനവും ആത്മഹത്യയും ലഹരി വിപത്തും ഉൾപ്പെടെയുള്ള വിഷയങ്ങളിൽ സജീവമായി ഇടപെട്ടുകൊണ്ട് സാമൂഹ്യ ഉന്നമനത്തിനായി പ്രവർത്തിക്കാനുള്ള അവസരം യുവതികൾക്ക് ലഭ്യമാകുമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കുടുംബശ്രീ സംസ്ഥാന മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച സംസ്ഥാനതല പദ്ധതി അവലോകന യോഗത്തിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ലഹരിയും സ്ത്രീധന പീഡനങ്ങളും ഉൾപ്പെടെ സ്ത്രീസമൂഹം നേരിടുന്ന നാനാതരം വിഷയങ്ങളിൽ ക്രിയാത്മകമായി പ്രതികരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ശക്തികേന്ദ്രമായി കുടുംബശ്രീ മാറണം. ഇതിന്റെ ഭാഗമായി വനിതാ കമ്മീഷൻ, ജാഗ്രതാ സമിതികൾ, വിമുക്തി തുടങ്ങിയ സംവിധാനങ്ങളുമായി ചേർന്ന് വിപുലമായ ക്യാമ്പയിനുകൾ ആസൂത്രണം ചെയ്യണമെന്ന് മന്ത്രി നിർദേശിച്ചു.

ആളോഹരി വരുമാനത്തിൽ കേരളം പിന്നിലാണെങ്കിലും, സുരക്ഷിത ഭവനം, ആഹാരം, വസ്ത്രം, ശുദ്ധജല ലഭ്യത എന്നിങ്ങനെ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കി ഗുണമേൻമയുള്ള ജീവിതം നയിക്കാൻ സമൂഹത്തെ പ്രാപ്തരാക്കുന്ന കേരള മോഡലാണ് നടപ്പിലാക്കപ്പെടുന്നത്. എന്നിട്ടും മുഖ്യധാരയിലേക്ക് എത്താത്തവരെ കണ്ടെത്തുന്നതിനാണ് അതിദരിദ്രരെ കണ്ടെത്താനുള്ള സർവേ നടത്തുന്നത്. ഇതിന് കുടുംബശ്രീ പ്രവർത്തകർക്ക് നേതൃത്വം നൽകാൻ കഴിയണം. സംസ്ഥാനത്തെ യുവജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ഓരോ തദ്ദേശ സ്ഥാപനത്തിലും അഞ്ചു വീതം പേർക്ക് തൊഴിൽ നൽകുന്ന പദ്ധതി പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പാക്കി വരികയാണ്. കൂടാതെ കെഡിസ്കും(കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) തദ്ദേശ സ്വയംഭരണ വകുപ്പും സംയോജിച്ചു കുടുംബശ്രീയുടെ നേതൃത്വത്തിൽ അടുത്ത അഞ്ചുവർഷത്തിനുള്ളിൽ പരമാവധി യുവതികൾക്ക് ജോലി ലഭ്യമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന് മന്ത്രി പറഞ്ഞു.

ജില്ലകളിൽ കുടുംബശ്രീ നടപ്പാക്കുന്ന വിവിധ പ്രവർത്തനങ്ങൾ ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ വിശദീകരിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരനും യോഗത്തിൽ പങ്കെടുത്തു. ഫീൽഡ് തലത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും മന്ത്രി നൽകി. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ സ്വാഗതം പറഞ്ഞു. പ്രോഗ്രാം ഓഫീസർമാർ, ജില്ലാ മിഷൻ കോഓർഡിനേറ്റർമാർ, അസിസ്റ്റന്റ് കോഓർഡിനേറ്റർമാർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർമാർ എന്നിവർ പദ്ധതി അവലോകന യോഗത്തിൽ പങ്കെടുത്തു.

# സംസ്ഥാനതല ശിശുദിനാഘോഷം: ഒരുക്കങ്ങൾ പൂർത്തിയായി

കേരള സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനജില്ലാ കേന്ദ്രങ്ങളിൽ സംഘടിപ്പിക്കുന്ന ശിശുദിനാഘോഷങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായതായി സമിതി ജനറൽ സെക്രട്ടറി ഡോ. ഷിജൂഖാൻ അറിയിച്ചു. തൈക്കാട് സമിതി ആസ്ഥാനത്ത് നടക്കുന്ന ശിശുദിന സമ്മേളനം 14ന് രാവിലെ 11.30ന് ആരംഭിക്കും.

രാവിലെ 11ന് തൈക്കാട് ഗവ. മോഡൽ എൽ.പി സ്കൂൾ അങ്കണത്തിൽ നിന്ന് പോലീസിന്റെ തുറന്ന ജീപ്പിൽ ഇത്തവണത്തെ കുട്ടികളുടെ നേതാക്കൾ, സമിതി ഭാരവാഹികളുടെ അകമ്പടിയോടെ ശിശുക്ഷേമ സമിതി ഹാളിൽ പ്രവേശിക്കും. തുടർന്ന് കുട്ടികളുടെ നേതാക്കളുടെ പൊതുസമ്മേളനം ആരംഭിക്കും. കുട്ടികളുടെ പ്രസിഡന്റ് ഉമ. എസ് അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മിന്ന രഞ്ജിത് സ്വാഗതം പറയും. കുട്ടികളുടെ പ്രധാനമന്ത്രി നിധി പി.എ സമ്മേളനം ഉദ്ഘാടനം ചെയ്യും. സ്പീക്കർ ദേവകി ഡി.എസ് മുഖ്യപ്രഭാഷണം നടത്തും. ധ്വനി ആഷ്മി നന്ദി പറയും. മുഖ്യമന്ത്രി പിണറായി വിജയന്റെ ശിശുദിന സന്ദേശം ചടങ്ങിൽ വായിക്കും. വനിതാ ശിശുവികസന മന്ത്രി വീണാ ജോർജ് ശിശുദിന സ്റ്റാമ്പ് പ്രകാശനം ചെയ്യും. ഗതാഗത മന്ത്രി ആന്റണി രാജു മുഖ്യപ്രഭാഷണം നടത്തും. മേയർ ആര്യാ രാജേന്ദ്രൻ, വനിതാ ശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി റാണി ജോർജ്, സമിതി ട്രഷറർ ആർ. രാജു തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും. പരിപാടി ഓൺലൈനായി വീക്ഷിക്കാൻ ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇത്തവണത്തെ ശിശുദിന സ്റ്റാമ്പിന്റെ ചിത്രം വരച്ച കൊല്ലം പ്രാക്കുളം എൻ.എസ്.എസ് ഹയർ സെക്കന്ററി സ്കൂളിലെ അക്ഷയ്. ബി. പിള്ളയ്ക്കും സ്കൂളിനുമുള്ള ഉപഹാരങ്ങൾ ചടങ്ങിൽ നൽകും. ശിശുദിനാഘോഷത്തോടനുബന്ധിച്ച് സമിതി സംഘടിപ്പിച്ച സാഹിത്യ രചനാ മത്സരങ്ങൾക്കുള്ള സമ്മാനങ്ങൾ ചടങ്ങിൽ വിതരണം ചെയ്യും.

# സഹകരണ വാരാഘോഷത്തിന് നാളെ തുടക്കം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും, സമാപനം കോഴിക്കോട്

അഖിലേന്ത്യാ സഹകരണ വാരാഘോഷത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നാളെ ( 14ന്) ഓൺലൈനിൽ നിർവഹിക്കും. കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് തിരുവനന്തപുരത്ത് ആർഡിആർ ഹാളിൽ രാവിലെ 10ന് പരിപാടി നടക്കും. 68ാമത് സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി സംസ്ഥാന വ്യാപകമായി നിരവധി പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. സഹകരണ മേഖല നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന സിമ്പോസിയങ്ങൾ, സെമിനാറുകൾ എന്നിവ താലൂക്ക് തലത്തിൽ നടക്കും. സഹകരണ യൂണിയനാണ് പരിപാടികൾക്ക് നേതൃത്വം നൽകുന്നത്. 14ന് എല്ലാ സ്ഥാപനങ്ങളിലും സഹകരണ പതാക ഉയർത്തുമെന്ന് സഹകരണ മന്ത്രി വി.എൻ. വാസവൻ അറിയിച്ചു.

സഹകരണ മേഖലയിൽ വലിയ മുന്നേറ്റങ്ങൾ നടത്തിയ വേളയിലാണ് ഇത്തവണത്തെ സഹകരണ വാരാഘോഷം സംഘടിപ്പിക്കുന്നത്. സഹകരണ ബാങ്കിംഗ് രംഗത്ത് വലിയ മാറ്റങ്ങളാണ് കേരളത്തിൽ നടപ്പിലായിട്ടുള്ളത്. മാറി നിന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്ക് കൂടി കേരള ബാങ്കിന്റെ ഭാഗമാകുന്നതോടെ കേരളത്തിന്റെ സ്വന്തം ബാങ്കെന്ന സ്വപ്നം യാഥാർത്ഥ്യമാകുകയാണ്. ആദ്യഘട്ടത്തിൽ കേരള ബാങ്കിലേയ്ക്കുള്ള മലപ്പുറം ജില്ലാ ബാങ്കിനെ എതിർത്തിരുന്ന പ്രതിപക്ഷം നിയമസഭയിൽ ബിൽ അവതരിപ്പിക്കുന്ന വേളയിൽ പിന്തുണയ്ക്കുകയായിരുന്നു. അതുകൊണ്ടു തന്നെ ഐകൃകണ്ഠേന ബിൽ പാസാക്കാനായി. സഹകരണ രംഗത്ത് ഭരണ പ്രതിപക്ഷ ഐക്യം എല്ലാക്കാലത്തും പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ട്. അതാണ് കേരളത്തിലെ സഹകരണ മേഖല വലിയ മുന്നേറ്റം നടത്തുന്നതിനും കാരണമായത്.

മഹാപ്രളയവും കോവിഡ് മഹാമാരിയും കടുത്ത പ്രതിസന്ധി സൃഷ്ടിച്ചപ്പോൾ സമൂഹത്തിന് കൈത്താങ്ങായി സഹകരണ മേഖല നിന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കുള്ള സംഭാവനയായും ഭവന രഹിതർക്ക് പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്ന കാര്യത്തിലായാലും വാക്സിൻ ചലഞ്ചിലും വലിയ ഇടപെടലുകളാണ് സഹകരണ മേഖല നടത്തിയത്. മാതൃകാപരമായ ഈ ഇടപെടലുകളിൽ നിന്നും സഹകരണ മേഖലയുടെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാണ്. കാർഷിക രംഗത്ത് നടത്തുന്ന ഇടപെടലുകൾ മാതൃകാപരമാണ്. നെല്ല് സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘവും സംഘത്തിനു കീഴിലുള്ള റൈസ് മില്ലുകളും, ക്ഷീര കർഷക സഹകരണ സംഘങ്ങളിലെ ഭാരവാഹി സ്ഥാനങ്ങളിലെ വനിതാ സംവരണം തുടങ്ങി മാതൃകാപരമായ നിരവധി മുന്നേറ്റങ്ങൾ നടത്താൻ സംസ്ഥാന സഹകരണ വകുപ്പിന് കഴിഞ്ഞു. ഗുണകരമായ ഈ പ്രവർത്തനങ്ങളുടെ വിലയിരുത്തലും പുതിയ പ്രവർത്തനങ്ങളെ കുറിച്ചുള്ള ചർച്ചകളും സഹകരണ വാരാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന ചർച്ചകളിൽ ഉയർന്നു വരുമെന്ന് മന്ത്രി പറഞ്ഞു.

ഞായറാഴ്ച രാവിലെ 9.30 ന് സഹകരണ സംഘം രജിസ്ട്രാർ പി.ബി. നൂഹ് പതാക ഉയർത്തുന്നതോടെ വാരാഘോഷ പരിപാടികൾ ആരംഭിക്കും. ഉദ്ഘാടന സമ്മേളനത്തിൽ സഹകരണ മന്ത്രി വി.എൻ. വാസവൻ അദ്ധ്യക്ഷനായിരിക്കും. മന്ത്രിമാരായ വി.ശിവൻകുട്ടി, ആന്റണിരാജു, ജി.ആർ. അനിൽ എന്നിവർ മുഖ്യാതിഥികളായിരിക്കും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ മുഖ്യ പ്രഭാഷണം നടത്തും. ചടങ്ങിൽ മികച്ച സഹകരണ പരിശീലന കോളെജിനുള്ള സമ്മാനദാനം സഹകരണ മന്ത്രി വി.എൻ. വാസവൻ നിർവഹിക്കും. മേയർ ആര്യാ രാജേന്ദ്രൻ, എംപിമാരായ ശശി തരൂർ, അടൂർ പ്രകാശ്, എംഎൽഎമാരായ ഒ.എസ്. അംബിക, കെ. ആൻസലൻ, സി.കെ. ഹരീന്ദ്രൻ, വി.ജോയ്, ഡി.കെ. മുരളി, വി.കെ. പ്രശാന്ത്, വി.ശശി, ഐ.ബി. സതീഷ്,. അഡ്വ. ജി. സ്റ്റീഫൻ, എം.വിൻസന്റ് എന്നിവരും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുരേഷ്കുമാറും പങ്കെടുക്കും.

ഉദ്ഘാടനത്തിന് ശേഷം സഹകരണ മേഖല : പ്രശ്നങ്ങളും പ്രതിവിധികളും എന്ന വിഷയത്തിൽ സെമിനാർ നടക്കും. തുടർന്നുള്ള ദിവസങ്ങളിൽ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും വിവിധ സെമിനാറുകൾ നടക്കും. പ്രമുഖ വ്യക്തികൾ സംസാരിക്കും. നംവബർ 20ന് കോഴിക്കോട് സമാപന സമ്മേളനം ചേരും.

# മഴക്കെടുതിയിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്കു പകരം കാർഡ്

സംസ്ഥാനത്ത് ഒക്ടോബറിലുണ്ടായ മഴക്കെടുതിയിൽ റേഷൻ കാർഡ് നഷ്ടപ്പെട്ടവർക്കു കാർഡുകൾ നൽകുന്നതിനു നടപടി സ്വീകരിച്ചതായി ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു. കോട്ടയത്തെ കൂട്ടിക്കൽ, മണിമല പ്രദേശങ്ങളിൽ കാർഡുകൾ നഷ്ടമായവർക്ക് നാളെ (നവംബർ 13) മന്ത്രി നേരിട്ടെത്തി വിതരണം ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

മഴക്കെടുതിയിൽ മാവേലി സ്റ്റോറുകൾക്കും നാശനഷ്ടമുണ്ടായിട്ടുണ്ട്. കൂട്ടിക്കൽ മാവേലി സ്റ്റോർ പൂർണമായും മണിമല മാവേലി സ്റ്റോർ ഭാഗികമായും തകർന്നു. ഈ പ്രദേശങ്ങളിൽ അവശ്യ സാധന ദൗർലഭ്യം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ട ഉടൻ മാവേലി മൊബൈൽ യൂണിറ്റുകളുടെ സേവനം ലഭ്യമാക്കി. കൂട്ടിക്കൽ മാവേലി സ്റ്റോറിന്റെ അറ്റകുറ്റപ്പണികൾക്ക് 10 ലക്ഷം രൂപ അനുവദിച്ചു. ഇതിന്റെ നിർമാണം നടക്കുകയാണ്. നവംബർ 20 മുതൽ പ്രവർത്തനം ആരംഭിക്കും. മണിമല മാവേലി സ്റ്റോറും അറ്റകുറ്റപ്പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്നു മന്ത്രി പറഞ്ഞു.

## ജനങ്ങൾ കാഴ്ച്ചക്കാരല്ല, കാവൽക്കാർ മന്ത്രി പി.എ. മുഹമ്മദ് റിയാസ്

ആലപ്പുഴ: പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ജനങ്ങളെ കാഴ്ചക്കാരാക്കി മാറ്റാതെ കാവൽക്കാരാക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നതെന്ന് മന്ത്രി പി.എ. മുഹമ്മദ് റിയാസ് പറഞ്ഞു. മാവേലിക്കരയിലെ കണ്ടിയൂർ ബൈപാസിന്റെ ഉദ്ഘാടനവും ബി.എച്ച് പി.എം. ആശുപത്രി ശ്രീകൃഷ്ണസ്വാമി ക്ഷേത്രം കെ.എസ്.ഇ.ബി പവർഹൗസ് റോഡിന്റെ നിർമാണോദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

റോഡിലെ കുഴികൾ ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരാതികൾ അറിയിക്കാനായി ആരംഭിച്ച പൊതുമരാമത്ത് വകുപ്പിന്റെ പി.ഡബ്ല്യൂ.ഡി. ഫോർ യു ആപ്പിലൂടെ പതിനയ്യായിരത്തിലധികം പരാതികളാണ് ലഭിച്ചത്. ഇതിൽ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ പരാതികളിലും നടപടിയെടുത്തു. മാവേലിക്കര ടൗണിലെ ഗതാഗത കുരുക്കിന് പരിഹാരം കാണാൻ പുതിയ ബൈപാസ് ഉപകരിക്കും. റെയിൽവേ മേൽ പാലങ്ങൾ, ഫ്ളൈ ഓവറുകൾ, ബൈപാസുകൾ എന്നിവയാണ് നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഫലപ്രദമാകുക. ലെവൽ ക്രോസ് ഇല്ലാത്ത കേരളമെന്ന പദ്ധതിയുടെ ഭാഗമായി പ്രധാന പാതകളിൽ 72 റെയിൽവേ മേൽപാലങ്ങൾ നിർമിക്കും മന്ത്രി പറഞ്ഞു. മാവേലിക്കര കണ്ടിയൂർ ബൈപാസ് 3.75 കോടി രൂപ ചെലവിലാണ് നിർമിച്ചത്. ബി.എം ബി.സി നിലവാരത്തിൽ ബി.എച്ച്. പി.എം. ആശുപത്രി ശ്രീകൃഷ്ണസ്വാമി ക്ഷേത്രം കെ.എസ്.ഇ.ബി പവർഹൗസ് റോഡ് നിർമിക്കുന്നതിന് 1.49 കോടി രൂപയാണ് ചിലവിടുന്നത്.

ചടങ്ങിൽ എം.എസ്. അരുൺകുമാർ എം.എൽ.എ അധ്യക്ഷനായി. മുൻ എം.എൽ.എ ആർ. രാജേഷ് മുഖ്യാതിഥിയായിരുന്നു. പൊതുമരാമത്തു വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ ആർ. അനിൽകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. മാവേലിക്കര നഗരസഭാധ്യക്ഷൻ കെ.വി. ശ്രീകുമാർ, വൈസ് ചെയർമാൻ ലളിത രവീന്ദ്രനാഥ്, സ്റ്റാൻഡിംഗ് കമ്മിറ്റി അധ്യക്ഷരായ അനി വർഗീസ്, ശാന്തി അജയൻ, ഉദയമ്മ വിജയകുമാർ, സജീവ് പായിക്കര, എസ്. രാജേഷ്, നഗരസഭാ അംഗങ്ങളായ കെ. ഗോപൻ, പി.കെ. രാജൻ, സുജാത ദേവി, ഡി. തുളസിദാസ്, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## പ്ലസ് വൺ പ്രവേശനം പുതിയ ബാച്ചുകൾ അനുവദിക്കുന്നതോടെ പ്രശ്ന പരിഹാരമാകും മന്ത്രി വി. ശിവൻകുട്ടി

ആലപ്പുഴ: പുതിയ ബാച്ചുകൾ അനുവദിക്കുന്നതോടെ പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. പുന്നപ്ര ജെ.ബി. സ്കൂളിൽ പുതിയതായി നിർമിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഉപരിപഠനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കും. സീറ്റുകളുടെ കുറവ് സംബന്ധിച്ച് താലൂക്ക് അടിസ്ഥാനത്തിൽ വിവരശേഖരണം നടത്തിവരികയാണ്. കൃത്യമായ കണക്ക് ഈ മാസം 22 ഓടെ ലഭ്യമാകും. അതിന്റെ അടിസ്ഥാനത്തിൽ പുതിയ ബാച്ചുകൾ നിർന്ധമായും അനുവദിക്കപ്പെടേണ്ട സ്കൂളുകളിൽ അനുവദിക്കും.

കോവിഡ് പ്രതിസന്ധി വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കുന്നതിന് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വിജയം കണ്ടു. ഡിജിറ്റൽ വിദ്യാഭ്യാസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ ബഹുദൂരം മുന്നേറാൻ സംസ്ഥാനത്തിന് സാധിച്ചു. വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക് മികവും ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത് മന്ത്രി പറഞ്ഞു.

മുൻ പൊതുമരാമത്തു വകുപ്പ് മന്ത്രി ജി. സുധാകരന്റെ 201920 ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ ചെലവിലാണ് രണ്ടുനിലകളുള്ള സ്കൂൾ കെട്ടിടം നിർമിച്ചിരിക്കുന്നത്. ആറ് ക്ലാസ് മുറികളാണ് ഇതിലുള്ളത്.

എച്ച്. സലാം എം.എൽ.എ അധ്യക്ഷനായിരുന്നു. പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എൻജിനീയർ വി.ഐ. നസീം റിപ്പോർട്ട് അവതരിപ്പിച്ചു. എ.എം. ആരിഫ് എം.പി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഷീബ രാകേഷ്, പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുധർമ ഭുവനചന്ദ്രൻ, ജില്ലാ പഞ്ചായത്ത് അംഗം ഗീതാ ബാബു, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ കെ. മധുസൂദനൻ, സ്കൂൾ ഹെഡ്മാസ്റ്റർ അഹമ്മദ് കബീർ, എസ്.എം.സി ചെയർമാൻ ടി. പ്രശാന്ത് കുമാർ, ജനപ്രതിനിധികൾ, അധ്യാപകർ തുടങ്ങിയവർ പങ്കെടുത്തു.

## 'ബ്ലീറ്റ് ടു 2021' കുടുംബശ്രീ മിഷന്റെ ആട് ചന്ത ബെള്ളൂരിൽ നടന്നു

കുടുംബശ്രീ ജില്ലാമിഷന്റെയും ബെള്ളൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി ഡി എസ്സിന്റെയും ആഭിമുഖ്യത്തിൽ ബെള്ളൂർ നേട്ടനിഗേയിൽ നടന്ന 'ബ്ലീറ്റ് 2021' മലബാറി ഫെസ്റ്റ് ആടുചന്തയുടെ രണ്ടാം ഘട്ടം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ ഉദ്ഘടനം ചെയ്തു. ജില്ലാമിഷൻ കോഓർഡിനേറ്റർ ടി. ടി സുരേന്ദ്രൻ അധ്യക്ഷനായി. ആടുകളുടെ വിതരണോദ്ഘാടനം കുടുംബശ്രീ അംഗമായ കമലയ്ക്കു ആടിനെ നൽകി ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷാനവാസ് പാദൂർ നിർവ്വഹിച്ചു. ബെള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. ശ്രീധര ആടുഗ്രാമം പദ്ധതി ഉദ്ഘടനം ചെയ്തു. ബെള്ളൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.ഗീത, സ്ഥിരം സമിതി അധ്യക്ഷൻമാരായ ചന്ദ്രഹാസ റൈ, ജയകുമാർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ രവിപ്രസാദ്, വാർഡ് മെമ്പർമാരായ വീരേന്ദ്ര കുമാർ, ബി.എൻ ഗീത, ബേബി, ഭാഗ്യരതി, ശ്രീപതി കടമ്പളിതായ, ദുർഗാദേവി, കുടുംബശ്രീ എ.ഡി.എം.സിമാരായ ഹരിദാസ്, സി.എച്ച് ഇക്ബാൽ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി നവാസ് എന്നിവർ സംസാരിച്ചു. കുടുംബശ്രീ ചെയർപേഴ്സൺ മാലിനി സ്വാഗതവും മെമ്പർ സെക്രട്ടറി അനീഷ്കുമാർ നന്ദിയും പറഞ്ഞു.

ആട് ചന്തയിൽ എട്ട് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളുടെ 69 ആടുകളാണ് വിൽപ്പനക്കായി എത്തിച്ചത്. മലബാറി, ബീറ്റൽ, ജെമുന പ്യാരി, മലബാറി ക്രോസ് എന്നിവ ചന്തയുടെ മുഖ്യ ആകർഷണങ്ങളായി. കാറഡുക്ക, മുളിയാർ, ബേഡഡുക്ക സി ഡി എസിൽ നടപ്പിലാക്കുന്ന അടുഗ്രാമം പദ്ധതിയിലേക്കായി 25 ആടുകളെ നേരിട്ട് വിറ്റഴിച്ചു. 2,48,000 രൂപയുടെ അധിക വരുമാനം കണ്ടെത്താൻ ബ്ലീറ്റ് 2021 മലബാറി ഫെസ്റ്റ് ആട് ചന്തയിൽ പങ്കെടുത്ത കുടുംബശ്രീ ജെ.ൽ.ജി അംഗങ്ങൾക്കായി.

ഇടനിലക്കാരെ ഒഴിവാക്കി ആട് വളർത്തലിലൂടെ ഉപജീവനം നടത്തുന്ന വനിതാ കർഷകർക്ക് അവരുടെ ആടുകളെ വിൽക്കാനും കുടുംബശ്രീയുടെ വിവിധ പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് നേരിട്ട് ആടുകളെ വാങ്ങിക്കുവാനും തയ്യാറാക്കിയ വിപുലമായ അവസരമാണ് ബ്ലീറ്റ് 2021. ആടുഗ്രാമം പദ്ധതി പ്രകാരം ഉത്പാദിപ്പിച്ച ആടുകളെയാണ് വിൽപനയ്ക്കായി എത്തിച്ചത്. മലബാറി, സങ്കരയിനം ആടുകളുടെ വിപണനം അടുത്ത മാസങ്ങളിലും നടത്തി ആട് കർഷകർക്ക് മികച്ച വരുമാനം ഉറപ്പാക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്നും കൂടുതൽ ആടുകളുടെ വിപണനം സാധ്യമാകുമെന്നും ജില്ലാ മിഷൻ കോ ഓഡിനേറ്റർ ടി.ടി സുരേന്ദ്രൻ പറഞ്ഞു.

## അധ്യാപകൻെറ പീഡനത്തിൽ മനംനൊന്ത് പ്ലസ്ടു വിദ്യാർഥിനി ജീവനൊടുക്കി

കോയമ്പത്തൂർ: അധ്യാപകൻ പീഡിപ്പിച്ചതിൽ മനംനൊന്ത് കൗമാരക്കാരി ജീവനൊടുക്കി. കോയമ്പത്തൂരിലെ ചിൻമയ വിദ്യാലയ സ്കൂളിലെ പ്ലസ്ടു വിദ്യാർഥിനിയായിരുന്ന 17കാരിയെയാണ് വീട്ടിലെ മുറിയിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്.

തന്നെ ലൈംഗീകമായി പീഡിപ്പിച്ച അധ്യാപകൻ മിഥുൻ ചക്രവർത്തിയുടെ പേര് എഴുതിവെച്ചാണ് കുട്ടി ജീവനൊടുക്കിയത്. ആറ് മാസങ്ങൾക്ക് മുൻപാണ് സംഭവം നടന്നത്. സ്പെഷൽ ക്ലാസിൻറെ പേരിൽ സ്കൂളിൽ വിളിച്ചുവരുത്തിയാണ് ഇയാൾ കുട്ടിയെ ലൈംഗീകമായി പീഡിപ്പിച്ചത്.

സംഭവത്തെക്കുറിച്ച് കുട്ടി സ്കൂൾ അധികൃതരോട് വെളിപ്പെടുത്തിയിരുന്നുവെങ്കിലും അവർ നടപടിയൊന്നും സ്വീകരിച്ചിരുന്നില്ല. മിഥുൻ ചക്രവർത്തിയുടെ ഭാര്യയും ഇതേസ്കൂളിലെ അധ്യാപികയായിരുന്നു. സംഭവം മറച്ചുവയ്ക്കാനാണ് ഇവരും ശ്രമിച്ചത്.

ഇതേതുടർന്ന് മാനസികസംഘർഷത്തിലായ കുട്ടി തന്നെ സ്കൂൾ മാറ്റണമെന്ന് മാതാപിതാക്കളോട് നിരന്തരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ കാരണം പറഞ്ഞിരുന്നില്ല. തുടർന്ന് സെപ്റ്റംബറോട് കുട്ടിയെ മാതാപിതാക്കൾ മറ്റൊരു സ്കൂളിൽ ചേർത്തു.

പെൺകുട്ടിക്ക് പുതിയ സ്കൂൾ അധികൃതർ കൗൺസലിംഗ് അടക്കം നൽകി വരുകയായിരുന്നു വ്യാഴാഴ്ച വൈകുന്നേരം അഞ്ചോടെ വീട്ടിൽ തനിച്ചായ പെൺകുട്ടി സുഹൃത്തിനെ വിളിച്ചെങ്കിലും സുഹൃത്തിന് ഫോൺ എടുക്കാൻ സാധിച്ചില്ല. തുടർന്ന് ഏഴിന് സുഹൃത്ത് തിരിച്ചു വിളിച്ചെങ്കിലും പ്രതികരണമില്ലായിരുന്നു.

ഇതോടെ സുഹൃത്ത് പെൺകുട്ടിയുടെ വീട്ടിലെത്തുകയും പിതാവിനെ വിവരം അറിയിക്കുകയുമായിരുന്നു. ഇരുവരും ചേർന്നാണ് അകത്തുനിന്ന് പൂട്ടിയ മുറിക്കുള്ളിൽ പെൺകുട്ടിയെ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തിയത്.

അധ്യാപകനെതിരേ ആത്മഹത്യ പ്രേരണ, കുട്ടിയെ ഒന്നിലധികം തവണ അല്ലെങ്കിൽ ആവർത്തിച്ച് ലൈംഗികമായി പീഡിപ്പിക്കുക എന്നിവ പ്രകാരവും പോക്സോ നിയമപ്രകാരവും കേസെടുത്തിട്ടുണ്ട്.

# മാന്യവും സൗകര്യപ്രദവുമായ വസ്ത്രംധരിച്ച് അധ്യാപകർക്ക് ജോലി ചെയ്യാമെന്ന് സർക്കാർ

തിരുവനന്തപുരം: സ്ഥാപനങ്ങളിലെ അധ്യാപകരുടെ വസ്ത്രധാരണം സംബന്ധിച്ച ഉത്തരവിൽ വ്യക്തത വരുത്തി ഉന്നത വിദ്യാഭ്യാസ വകുപ്പ്. സൗകര്യപ്രദമായതും മാന്യമായതുമായ ഏത് വസ്ത്രം ധരിച്ചും അധ്യാപകർക്ക് ജോലി ചെയ്യാമെന്ന് പുറത്തിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു.

സംസ്ഥാനത്തെ ചില ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യാപകരുടെ വസ്ത്രധാരണവുമായി ബന്ധപ്പെട്ട് ചില നിർബന്ധങ്ങളും നിബന്ധനകളും അടിച്ചേൽപ്പിക്കുന്നതായി സർക്കാരിൻറെ ശ്രദ്ധയിൽപെട്ടിരുന്നതായി ഉത്തരവിൽ പറയുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി പരാതികളാണ് വകുപ്പിന് ലഭിച്ചത്. അധ്യാപികമാർ സാരി ധരിച്ചു മാത്രമേ ജോലി ചെയ്യാവൂ എന്ന യാതൊരുവിധ നിയമവും നിലവിലില്ല. ഈ കാര്യങ്ങൾ ഇതിനു മുമ്പും ആവർത്തിച്ച വ്യക്തമാക്കിയതാണെന്നിരിക്കെ കാലാനുസൃതമല്ലാത്ത പിടിവാശികൾ ചില സ്ഥാപന മേധാവികളും മാനേജ്മെൻറുകളും അടിച്ചേൽപ്പിക്കുന്നു.

ഈ സാഹചര്യത്തിൽ തൊഴിൽ ചെയ്യാൻ സൗകര്യപ്രദമായതും മാന്യമായതുമായ ഏത് വസ്ത്രം ധരിച്ചും അധ്യാപകർക്ക് സ്ഥാപനങ്ങളിൽ പ്രവർത്തിക്കാമെന്ന് ജോയിൻറ് സെക്രട്ടറി സജുകുമാർ പുറത്തിറക്കിയ ഉത്തരവിൽ വ്യക്തമാക്കുന്നു.




വെട്ടിയതോട് പാലത്തിന്റെ നിർമാണോദ്ഘാടനം മന്ത്രി പി. എ. മുഹമദ് റിയാസ് നിർവഹിക്കുന്നു

## ശമനമില്ലാതെ മഴ, ഇടുക്കി ഡാമിലും ആറു ജില്ലകളിലും വീണ്ടും ഓറഞ്ച് അലർട്ട്

ഇടുക്കി: മഴ ശമനമില്ലാതെ തുടരുന്നതിനാലും മുല്ലപ്പെരിയാർ അണക്കെട്ടിൽ വീണ്ടും ജലനിരപ്പ് ഉയർന്നതിനാലും ഇടുക്കി ഡാമിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. 2,398.32 അടിയാണ് ഇടുക്കി ഡാമിലെ ജലനിരപ്പ്. മുല്ലപ്പെരിയാറിൽ നിലവിൽ 139 അടി പിന്നിട്ട് ജലനിരപ്പ് ഉയരുകയാണ്.

വൃഷ്ടിപ്രദേശത്ത് വ്യാഴാഴ്ച വൈകിട്ടും രാത്രിയിലും ശക്തമായ മഴ പെയ്തതും തമിഴ്നാട് കൊണ്ടുപോകുന്ന വെള്ളത്തിൻറെ അളവ് കുറച്ചതുമാണ് ജലനിരപ്പ് ഉയരാൻ കാരണമായത്. മുല്ലപ്പെരിയാർ ഡാമിലേക്കുള്ള നീരൊഴുക്കും ശക്തമാണ്.

കഴിഞ്ഞ ദിവസങ്ങളിൽ മഴയുടെ ശക്തി കുറഞ്ഞതിനാൽ തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിൻറെ അളവിലും കുറവ് വരുത്തിയിരുന്നു. വൈഗ അണക്കെട്ടിൽ ജലനിരപ്പ് ഉയർന്നു നിൽക്കുന്നതിനാൽ മുല്ലപ്പെരിയാറിൽനിന്നു കൊണ്ടുപോകുന്ന വെള്ളത്തിൻറെ അളവ് തമിഴ്നാട് വീണ്ടും കുറച്ചേക്കുമെന്നും റിപ്പോർട്ടുണ്ട്.

അതേസമയം, ശനിയാഴ്ച ആറു ജില്ലകളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം മുതൽ ഇടുക്കി വരെയുള്ള ജി

# വ്യാജ പീഡനപരാതി; വനിതാ എസ്ഐക്ക് സസ്പെൻഷൻ

കോഴിക്കോട്: വ്യാജ പീഡന പരാതി നൽകിയ സംഭവത്തിൽ വനിതാ എസ്ഐക്ക് സസ്പെൻഷൻ. കോഴിക്കോട് മെഡിക്കൽ കോളജ് അസിസ്റ്റൻറ് കമ്മീഷണർ ഓഫീസിലെ വനിത എസ്ഐ കെ. സുഗണവല്ലിക്കെതിരെയാണ് നടപടി.

വാടക കുടിശിക ചോദിച്ചതിന് വീട്ടുടമയ്ക്കെതിരെയാണ് ഇവർ വ്യാജ പീഡനപരാതി നൽകിയത്. കഴിഞ്ഞ നാല് മാസമായി സുഗണവല്ലി വാടക നൽകുന്നില്ലെന്ന് കാണിച്ച് പന്നിയങ്കര സ്വദേശിയാണ് ഇവർക്കെതിരെ പരാതി നൽകിയത്.

സംഭവത്തിൽ അന്വേഷണം നടത്താൻ സി ഐ ഇവരെ ആദ്യം വിളിപ്പിച്ചെങ്കിലും ഇവർ ഹാജരായില്ല. തുടർന്ന് നാല് ദിവസത്തിന് ശേഷം പന്നിയങ്കര സ്റ്റേഷനിലെത്തിയ സുഗണവല്ലി വീട്ടുടമയുടെ മകളുടെ ഭർത്താവ് തൻറെ കൈയിൽ കയറി പിടിച്ചെന്നും വിവാഹമോതിരം ഊരിയെടുത്തെന്നും പരാതി നൽകി. വീടിന് അഡ്വാൻസ് നൽകിയ 70,000 രൂപ ഉൾപ്പടെ ഒരു ലക്ഷം രൂപ തനിക്ക് തിരികെ ലഭിക്കാനുണ്ടെന്നും പരാതിയിൽ പറഞ്ഞിരുന്നു.

പരാതിയുടെ അടിസ്ഥാനത്തിൽ പന്നിയങ്കര പോലീസ് വീട്ടുടമയുടെ മരുമകനെതിരേ പീഡനക്കുറ്റം ചുമത്തി കേസ് എടുത്തു. എന്നാൽ പിന്നീട് നടത്തിയ അന്വേഷണത്തിലാണ് വാടക കുടിശിക ചോദിച്ചതിലുള്ള വൈരാഗ്യത്തിൽ സുഗുണവല്ലി കെട്ടിച്ചമച്ച പരാതിയാണിതെന്ന് വ്യക്തമായത്.

ഇതെതുടർന്നാണ് ഇവർക്കെതിരേ വകുപ്പ് തല അന്വേഷണത്തിന് സിറ്റി പോലീസ് കമ്മീഷണർ നിർദേശം നൽകിയത്. പിന്നാലെ ഇവരെ ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്യുകയായിരുന്നു.

# ഇറക്കുമതി ഉത്പന്നങ്ങളിൽ ഇനി നിർമാണത്തീയതി നിർബന്ധം

മുംബൈ: ഉപഭോക്തൃ താത്പര്യം സംരക്ഷിക്കുന്നതിൻറെ ഭാഗമായി പായ്ക്കറ്റുകളിലുള്ള ഉത്പന്നങ്ങളുടെ വിപണന ചട്ടങ്ങളിൽ പരിഷ്കാരവുമായി കേന്ദ്രസർക്കാർ.

പായ്ക്കറ്റുകളിൽ നിർമാതാക്കൾ, പരമാവധി ചില്ലറ വിലയ്ക്കൊപ്പം (എംആർപി) ഉത്പന്നത്തിൻറെ അടിസ്ഥാന യൂണിറ്റിനുള്ള വിലകൂടി രേഖപ്പെടുത്തണമെന്നു പുതിയ ലീഗൽ മെട്രോളജി (പാക്കേജ്ഡ് കമ്മോഡിറ്റീസ്)ഭേദഗതി ചട്ടത്തിൽ പറയുന്നു. ഇതുപ്രകാരം, ഒരു കിലോയിൽ കൂടുതലുള്ള ഉത്പന്നങ്ങൾ വിൽക്കുന്പോൾ എംആർപിക്കൊപ്പം ആ ഉത്പന്നത്തിൻറെ ഒരു കിലോയ്ക്കുള്ള വിലകൂടിയാണു പ്രത്യേകമായി രേഖപ്പെടുത്തേണ്ടത്.

അതായത്, അഞ്ചു കിലോ അരിയുടെ പായ്ക്കറ്റിൽ അഞ്ചു കിലോ അരിയുടെ എംആർപിക്കൊപ്പം ഒരു കിലോ അരിയുടെ വിലകൂടി നിർമാതാക്കൾ കാണിക്കേണ്ടിവരും. ഒരു കിലോയിൽ താഴെ ഭാരമുള്ള ഉത്പന്നമാണെങ്കിൽ ഒരു ഗ്രാമിൻറെ വിലയാണു രേഖപ്പെടുത്തേണ്ടത്.

സമാനമായി, ഒരു ലിറ്ററിൽ കൂടുതലുള്ളവയുടെ പായ്ക്കറ്റുകളിൽ ഒരു ലിറ്ററിൻറെ വിലയും ഒരു ലിറ്ററിൽ താഴെയുള്ള ഉത്പന്നമാണെങ്കിൽ ഒരു മില്ലിലിറ്ററിനുള്ള വിലയും രേഖപ്പെടുത്തണം. മീറ്ററിലും സെൻറിമീറ്ററിലും അളക്കുന്ന ഉത്പന്നങ്ങളുടെ വിപണനത്തിലും ഇതേ രീതി നടപ്പിലാക്കും.

വിവിധ ബ്രാൻഡുകൾ, ഒരേ ഉത്പന്നം പല അളവിൽ വിൽക്കുന്പോൾ വില താരതമ്യം ചെയ്ത് ലാഭകരമായതു വാങ്ങാനുള്ള ഉപഭോക്താവിൻറെ പ്രയാസം ഇതോടെ മാറിക്കിട്ടുമെന്നാണു വിലയിരുത്തൽ.

പാൽ, ബിസ്കറ്റ്, ഭക്ഷ്യ എണ്ണ, ആട്ട, കുടിവെള്ളം, ബേബി ഫുഡ് തുടങ്ങിയ 19 ഇനങ്ങളുടെ അളവ് സംബന്ധിച്ച നിയന്ത്രണം എടുത്തുകളഞ്ഞതാണു മറ്റൊരു പരിഷ്കാരം. ഈ ഉത്പന്നങ്ങൾ ഏത് അളവിൽ വില്ക്കുന്നതിനും ഇതോടെ നിർമാതാക്കൾക്കു സ്വാതന്ത്ര്യം ലഭിക്കും.

ഇറക്കുമതി ചെയ്ത പാക്കേജ്ഡ് ഉത്പന്നങ്ങളുടെ പായ്ക്കറ്റുകളിൽ അവയുടെ നിർമാണ മാസവും വർഷവും രേഖപ്പെടുത്തുന്നതും കേന്ദ്രസർക്കാർ നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ, ഇറക്കുമതി ചെയ്ത പാക്കേജ്ഡ് ഉത്പന്നങ്ങളിൽ നിർമാണ തീയതിക്കു പകരമായി ഇറക്കുമതി ചെയ്ത തീയതി രേഖപ്പെടുത്താൻ അനുവാദമുണ്ട്.

ഉത്പന്നങ്ങൾ നിർമിച്ച തീയതി അറിവാകുന്നതിലൂടെ അതിൻറെ ഗുണമേന്മ നിർണയിക്കാൻ ഉപഭോക്താവിന് സാധിക്കുമെന്നു കേന്ദ്ര ഉപഭോക്തൃ മന്ത്രാലയം അറിയിച്ചു. അടുത്ത വർഷം ഏപ്രിലിലാണു പുതിയ ചട്ടങ്ങൾ നടപ്പിലാക്കുക.

## ശമ്പളപരിഷ്ക്കരണം; കെഎസ്ആർടിസിയിൽ വീണ്ടും പണിമുടക്ക്

തിരുവനന്തപുരം: ശമ്പള പരിഷ്ക്കരണം ആവശ്യപ്പെട്ട് കെഎസ്ആർടിയിൽ വീണ്ടും പണിമുടക്ക്. യുഡിഎഫ് സംഘടനയായ ടിഡിഎഫ് ആണ് അനിശ്ചിതകാല പണിമുടക്ക് പ്രഖ്യാപിച്ചത്. പണിമുടക്ക് ആരംഭിക്കുന്ന തിയതി ഉടൻതന്നെ പ്രഖ്യാപിക്കുമെന്ന് നേതാക്കൾ അറിയിച്ചു. നേരത്തെ, ശമ്പള പരിഷ്ക്കരണം ആവശ്യപ്പെട്ട് സംയുക്തതൊഴിലാളി യൂണിയൻ പണിമുടക്കിയിരുന്നു. എന്നാൽ ഇക്കാര്യത്തിൽ സർക്കാരിൻറെ ഭാഗത്തുനിന്നും ഒരു ഉറപ്പും ലഭിച്ചിട്ടില്ലെന്നും അതുകൊണ്ടാണ് പണിമുടക്കുമായി മുന്നോട്ടു പോകുന്നതെന്നും നേതാക്കൾ ചൂണ്ടിക്കാട്ടുന്നു.

## വൃദ്ധ കിണറ്റിൽ മരിച്ച നിലയിൽ

നേമം: വൃദ്ധയെ വീട്ടുവളപ്പിലെ കിണറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. നേമം സ്റ്റുഡിയോ റോഡ് വില്ലാംകോട് ആയിരവില്ലി ക്ഷേത്രത്തിനു സമീപം തച്ചരിക്കോണത്തു വീട്ടിൽ തങ്കമ്മ (82) ആണ് മരിച്ചത്. വ്യാഴാഴ്ച രാത്രി എട്ടോടെയാണ് വീട്ടുകാർ സംഭവമറിയുന്നത്. വീട്ടിൽ മറ്റാരുമില്ലാതിരുന്നതിനാൽ അപകടം നേരത്തെ നടന്നിരിക്കാമെന്ന് സംശയിക്കുന്നു.

രാത്രി വീട്ടുകാരെത്തി തങ്കമ്മയെ അന്വേഷിച്ചപ്പോൾ കാണാത്തതിനെ തുടർന്ന് നടത്തിയ തെരച്ചിലിൽ കിണറിൻറെ കൈവരി തകർന്നിരിക്കുന്നത് കണ്ട് നോക്കിയപ്പോഴാണ് മൃതദേഹം കണ്ടെത്തിയത്. മുപ്പതടി താഴ്ചയുള്ള കിണറാണ്. ചെങ്കൽ ചൂളയിൽ നിന്നുമെത്തിയ അഗ്നി രക്ഷാസേന എസ്എഫ്ആർഒ. രാജശേഖരൻ നായരുടെ നേതൃത്വത്തിൽ ഫയർമാൻ അരുൺകുമാർ മൃതദേഹം പുറത്തെടുത്തു. പോസ്റ്റുമോർട്ടത്തിനായി മെഡിക്കൽ കോളജ് മോർച്ചറിയിലേയ്ക്ക് മാറ്റി.

# ബിസിനസ് പങ്കാളിയെ വധിക്കാൻ ക്വട്ടേഷൻ; രണ്ടുപേർ അറസ്റ്റിൽ

കൊല്ലം: വിദേശത്തെ ബിസിനസ് പങ്കാളികൾ തമ്മിലുള്ള വിരോധം മൂലം കരുനാഗപ്പള്ളി സ്വദേശിയായ പ്രവാസിയെ ക്വട്ടേഷൻ നൽകി കൊലപ്പെടുത്താൻ ശ്രമിച്ച കേസിലെ രണ്ടു പേരെ കൂടി പോലീസ് അറസ്റ്റ് ചെയ്തു. ആലുവാ താലൂക്കിൽ കിഴക്കുംഭാഗം കാഞ്ഞൂരിൽ നെടുന്പുറത്ത് വീട്ടിൽ ഗോകുൽ (29), ആലുവാ കിഴക്കുംഭാഗം കാഞ്ഞൂർ പയ്യപ്പള്ളി വീട്ടിൽ അരുൺ ജോർജ് (28) എന്നിവരാണ് പിടിയിലായത്.

പ്രവാസി കരുനാഗപ്പള്ളി അയണിവേലികുളങ്ങര പ്രഫ. ബംഗ്ലാവിൽ അബ്ദുൾ സമദ് (48) നെയാണ് കഴിഞ്ഞ 24 ന് രാത്രി മാർക്കറ്റ് റോഡിന് സമീപത്ത് വച്ച് സ്കൂട്ടർ ഇടിച്ചുവീഴ്ത്തിയ ശേഷം കാറിലെത്തിയ സംഘം ആക്രമിച്ചത്.

സൗദിയിലെ ദമാമിൽ 20 വർഷമായി ബിസിനസ് നടത്തുന്ന അബ്ദുൾ സമദ് ബിസിനസ് പങ്കാളിയും ബന്ധുവുമായ ശാസ്താംകോട്ട പള്ളിശേരിക്കൽ സ്വദേശി ഹാഷിമുമായി ദമാമിൽ വച്ച് തർക്കമുണ്ടായി.

തുടർന്ന് ഹാഷിം രണ്ടു ലക്ഷം രൂപയ്ക്ക് സമദിനെ വധിക്കാൻ തേവലക്കര സ്വദേശി ഷിനുവിന് ക്വട്ടേഷൻ കൊടുത്തു. ഷിനു എറണാകുളത്തെ ഗുണ്ടാത്തലവൻറെ സംഘത്തിലെ രണ്ടുപേരുമായി ചേർന്ന് ക്വട്ടേഷൻ ഏറ്റെടുക്കുകയായിരുന്നു. അബ്ദുൾ സമദിന് ഗൾഫിലേക്ക് തിരികെ പോകുന്നതിനുള്ള ടിക്കറ്റിൻറെ പേരിൽ ശാസ്താംകോട്ടയിലേക്ക് വിളിച്ചുവരുത്തി ആക്രമിക്കുകയായിരുന്നു. ഈ കേസിലെ പ്രതികളായ മുഹമ്മദ് സുഹൈൽ, ഉമറുൾ മുക്താർ, ഷിനു പീറ്റർ എന്നിവരേ നേരത്തെ അറസ്റ്റ് ചെയ്ത് റിമാൻറ് ചെയ്തിരുന്നു.

കരുനാഗപ്പള്ളി എസിപി ഷൈനുതോമസിൻറെ നിർദേശാനുസരണം കരുനാഗപ്പള്ളി ഐഎസ്എച്ച്ഒ ഗോപകുമാറിൻറെ നേതൃത്വത്തിൽ എസ്ഐ മാരായ അലോഷ്യസ് അലക്സാണ്ടർ, ഓമനക്കുട്ടൻ എന്നവരടങ്ങിയ സംഘമാണ് പ്രതികളെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻറ് ചെയ്തു.

# പെൺകുട്ടിക്ക് അശ്ലീലസന്ദേശം അയച്ച യുവാക്കൾ പിടിയിൽ

തിരുവനന്തപുരം: ഓൺലൈൻ ക്ലാസിനിടെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയ്ക്ക് അശ്ലീലസന്ദേശം അയച്ച രണ്ട് യുവാക്കളെ പോലീസ് പിടികൂടി.

കടകമ്പള്ളി ലക്ഷം വീട്ടിൽ അഖിൽ (22), മുട്ടത്തറ ശിവകൃപ വീട്ടിൽ സുജിത്ത് (29) എന്നിവരെയാണ് പേട്ട പൊലീസ് അറസ്റ്റ് ചെയ്തത്. പെൺകുട്ടിയെ വാട്ടസ്ആപ്, ഇൻസ്റ്റഗ്രാം വഴി പരിചയപ്പെട്ട പ്രതികൾ പെൺകുട്ടിയ്ക്ക് നിരന്തരം അശ്ലീലസന്ദേശങ്ങൾ അയയ്ക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തുവരികയായിരുന്നു.

പെൺകുട്ടിയുടെ അമ്മ പേട്ട പോലീസിൽ നൽകിയ പരാതിയെ തുടർന്ന് ഒളിവിൽ പോയ പ്രതികളെ പിടികൂടാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് പ്രതികൾ പിടിയിലായത്.

ശംഖുമുഖം അസിസ്റ്റൻറ് കമ്മീഷണർ പൃഥിരാജിൻറെ നേതൃത്വത്തിൽ പേട്ട എസ്എച്ച്ഒ റിയാസ് രാജ, എസ്ഐമാരായ രതീഷ്, സുനിൽ, സിപിഒമാരായ രാജാറാം, ഷമി, വിനോദ് എന്നിവരടങ്ങിയ അന്വേഷണസംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

# റേഷൻ കട വഴി സബ്സിഡി സാധന വിതരണം മാവേലി സ്റ്റോർ ഇല്ലാത്തിടത്തു മാത്രം: മന്ത്രി ജി. ആർ. അനിൽ

മാവേലി സ്റ്റോറുകളുടെ സേവനം ലഭിക്കാൻ പ്രയാസമുള്ള പ്രദേശങ്ങളിൽ തിരഞ്ഞെടുത്ത നിശ്ചിത എണ്ണം റേഷൻ കടകൾ വഴി സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുമെന്നും മാവേലി സ്റ്റോറുകളിലൂടെ ലഭ്യമാകുന്ന സബ്സിഡി സാധനങ്ങൾ സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾ വഴിയും വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടില്ലെന്നും ഭക്ഷ്യ സിവിൽ സപ്ലൈസ് മന്ത്രി ജി.ആർ. അനിൽ പറഞ്ഞു.

മാവേലി സ്റ്റോറുകളിലൂടെ കാർഡ് ഉടമകൾക്കു കുറഞ്ഞ നിരക്കിൽ സബ്സിഡി സാധനങ്ങൾ ലഭിക്കുന്നുണ്ട്. എന്നാൽ, ചില ഉൾപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് മാവേലി സ്റ്റോറുകളുടെ അഭാവംമൂലം സബ്സിഡി സാധനങ്ങൾ വാങ്ങുന്നതിനു പ്രയാസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് സമീപ പ്രദേശങ്ങളിൽ മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത ഇടങ്ങളിലെ റേഷൻ ഷോപ്പുകൾ തെരഞ്ഞെടുത്തു സബ്സിഡി സാധനങ്ങൾ ലഭ്യമാക്കുന്ന നടപടി ആരംഭിക്കാൻ തീരുമാനിച്ചതെന്നും മന്ത്രി പറഞ്ഞു.

## ഡോ. എം. കൃഷ്ണൻ നായരെ അനുസ്മരിച്ചു

അർബുദരോഗ വിദഗ്ധനും തിരുവനന്തപുരത്തെ ഞളള സ്ഥാപകനും, രാജ്യത്ത് ആറ് സംസ്ഥാനങ്ങളിൽ ഞളളകൾ സ്ഥാപിക്കുവാൻ കേന്ദ്രം പദ്ധതിയിട്ടപ്പോൾ അതിലൊന്ന് തിരുവനന്തപുരത്ത് ആക്കുവാൻ ഏറെ പ്രയത്നിച്ച മഹത് വ്യക്തിത്വവുമായ ഡോ. എം. കൃഷ്ണൻ നായരെ സാംസ്കാരിക വകുപ്പിന്റെ മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിങ്ങിന്റെ ഭാഗമായുള്ള ചിരസ്മരണയിലൂടെ അനുസ്മരിച്ചു.

## അക്ഷയ സെൻററിൽ പീഡന ശ്രമം; യുവാവിനെ നാട്ടുകാർ വളഞ്ഞുപിടിച്ചു

മങ്കൊമ്പ് : അക്ഷയ സെൻററിൽ ജീവനക്കാരിയെ പീഡിപ്പിക്കാൻ ശ്രമം. പ്രതിയെ നാട്ടുകാർ ചേർന്നു പിടികൂടി പോലീസിൽ ഏൽപിച്ചു. കഴിഞ്ഞ ദിവസം വൈകുന്നേരം കാവാലം ബസ് സ്റ്റാൻഡിന് സമീപം പ്രവർത്തിക്കുന്ന അക്ഷയ സെൻററിലായിരുന്നു സംഭവം.

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജീവനക്കാരിയെ സ്ഥാപന ഉടമ പ്രിൻസാണ് പീഡിപ്പിക്കാൻ ശ്രമിച്ചതായി പരാതിയുള്ളത്. തുടർന്നു യുവതി ബഹളംവച്ച് പുറത്തേക്കോടി രക്ഷപ്പെടുകയായിരുന്നു. ഇതു കണ്ട് ഓടിക്കൂടിയ നാട്ടുകാർ പോലീസിൽ വിവരം അറിയിക്കുകയും കൈനടി പോലീസ് എത്തി തടഞ്ഞു വച്ചിരുന്ന പ്രതിയെ കസ്റ്റഡിയിൽ എടുക്കുകയുമായിരുന്നു.

എസ്.സി.എസ്.ടി, 354എന്നീ വകുപ്പുകൾ ചേർത്ത് സ്ത്രീ പീഡനത്തിന് കേസെടുത്തു അറസ്റ്റ് ചെയ്തു റിമാൻഡ് ചെയ്തു. യുവതി കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലാണ്. ഇതിനിടെ സിപിഎം കാവാലം ലിസിയോ വെസ്റ്റ് ബ്രാഞ്ച് അംഗമായ പ്രിൻസിനെ അംഗത്വത്തിൽനിന്നു നീക്കംചെയ്തതായി ലോക്കൽ കമ്മിറ്റി പ്രസ്താവനയിൽ അറിയിച്ചു.

# തെരച്ചിൽ ഊർജിതം; ഒളിവിലുള്ള പ്രതി രക്ഷപ്പെട്ടു

കോഴിക്കോട്: തീവ്രവാദ ബന്ധമുൾപ്പെടെ സംശയിക്കുന്ന രീതിയിൽ വിദേശത്തുനിന്നു നിയമവിരുദ്ധമായി രാജ്യത്തേക്കു ഫോൺ കോളുകൾ എത്തിക്കുന്ന സമാന്തരഎക്സ്ചേഞ്ച് കേസിൻറെ അന്വേഷണത്തിനിടെ ഒളിവിലുള്ള പ്രതി ഉല്ലാസയാത്ര നടത്തി!

കോഴിക്കോട് ചാലപ്പുറം സ്വദേശി ഷബീർ ആണ് കേന്ദ്രസംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും ദേശീയ അന്വേഷണ ഏജൻസിയും (എൻഐഎ) പോലീസും അന്വേഷിക്കുന്നതിനിടെ ഉല്ലാസ യാത്ര നടത്തിയത്.

കഴിഞ്ഞ ജൂലൈ ഒന്നിനാണ് കോഴിക്കോട്ട് വിവിധ ഭാഗങ്ങളിലായി സമാന്തര ടെലിഫോൺ എക്സ്ചേഞ്ച് കണ്ടെത്തിയത്. കസബ, മെഡിക്കൽ കോളജ്, നല്ലളം പോലീസ് സ്റ്റേഷൻ പരിധിയിലായി ഏഴ് സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുകളായിരുന്നു കണ്ടെത്തിയത്.

സംഭവവുമായി ബന്ധപ്പെട്ട് ഇവിടുത്തെ ജീവനക്കാരൻ കൊളത്തറ ശാരദാമന്ദിരം സ്വദേശി ആഷിഖ് മൻസിലിൽ ജുറൈസിനെ ആദ്യം അറസ്റ്റ് ചെയ്തു. കോഴിക്കോട്ടെ എക്സ്ചേഞ്ചുകളുടെ നടത്തിപ്പുകാരായ ചാലപ്പുറം പുത്തൻപീടിയേക്കൽ പി.പി. ഷബീർ, പൊറ്റമ്മൽ ഹരികൃഷ്ണയിൽ എം.ജി. കൃഷ്ണ പ്രസാദ്, ബേപ്പൂർ പാണ്ടികശാലക്കണ്ടി ദാറുസലാമിൽ അബ്ദുൾ ഗഫൂർ എന്നിവരെ അന്വേഷിച്ചെങ്കിലും ഇവർ മുങ്ങുകയായിരുന്നു.

കോഴിക്കോട്ടെ വിവിധ കേന്ദ്രങ്ങളിൽ പോലീസ് പരിശോധന നടക്കുമ്പോൾ ഷബീർ വയനാട്ടിലായിരുന്നുവെന്നാണ് പോലീസിൻറെ കണ്ടെത്തൽ. കസബ പോലീസ് നടത്തിയ ആദ്യഘട്ട അന്വേഷണത്തിൽ ഷബീർ വയനാട്ടിൽ എത്തിയതായാണ് വിവരം ലഭിച്ചത്.

വയനാട്ടിൽ ഇവരുടെ ബന്ധുവിൻറെ റിസോർട്ട് പ്രവർത്തിക്കുന്നുണ്ട്. ഷബീറിനെ തേടി പോലീസ് വയനാട്ടിലേക്ക് എത്താനുള്ള സാധ്യത കണക്കിലെടുത്ത് അവിടെനിന്ന് മാറുകയായിരുന്നു. വയനാട്ടിൽ ഒരു ദിവസമാണ് താമസിച്ചിരുന്നതെന്നാണ് സമാന്തര കേസന്വേഷിച്ചിരുന്ന സിബ്രാഞ്ചിൻറെ കണ്ടെത്തൽ.

പിന്നീട് ഇവിടെനിന്നു ബംഗളൂരുവിലെത്തി. അവിടെനിന്ന് ഔറംഗബാദ് വഴി ഗുജറാത്തിലെ വഡോദരയിലും തുടർന്ന് അഹമ്മദാബാദിലും എത്തിയിരുന്നതായുമാണ് സൂചന. അഹമ്മദാബാദിൽനിന്നു ജയ്പൂർ വഴി ഡൽഹിയിലും അവിടെനിന്നു മണാലിയിലും പോയതായും അന്വേഷണ സംഘത്തിനു വിവരം ലഭിച്ചു.

ഈ യാത്രയിലെല്ലാം കുടുംബവും ഒപ്പമുണ്ടായിരുന്നു. ആഴ്ചകൾ നീണ്ട യാത്രക്കൊടുവിൽ ഡൽഹിയിൽ തിരിച്ചെത്തി അവിടെനിന്നു കോയമ്പത്തൂരിൽ കുടുംബത്തെ എത്തിക്കുകയായിരുന്നുവെന്നാണു കണ്ടെത്തൽ. കോയമ്പത്തൂരിൽനിന്നു ഷബീർ എവിടേക്കു പോയെന്നതു സംബന്ധിച്ചുള്ള അന്വേഷണം പുരോഗമിക്കുകയാണ്.

ഷബീറിനെ പിടികൂടാൻ സാധിക്കാത്തതിനെത്തുടർന്നു സിബ്രാഞ്ച് ലുക്കൗട്ട് നോട്ടീസ് പുറത്തിറക്കിയിരുന്നു. വിദേശത്തേക്കു കടക്കാതിരിക്കാനാണ് ലുക്കൗട്ട് നോട്ടീസ് പുറപ്പെടുവിച്ചത്. ഈ ലുക്കൗട്ട് നോട്ട് എല്ലാ വിമാനത്താവളങ്ങളിലും നൽകിയിരുന്നു.

ഇതിനാൽ ആഭ്യന്തര യാത്രയ്ക്കും ഷബീറിന് വിമാനത്തെ ആശ്രയിക്കാനായില്ല. വിമാനത്താവളത്തിലെത്തിയാൽ പിടിക്കപ്പെടുമെന്നതിനാൽ യാത്ര മുഴുവൻ കാറിലായിരുന്നുവെന്നാണ് കണ്ടെത്തൽ.

സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടു ഷബീർ നിരവധി യാത്രകൾ നടത്തിയിട്ടുണ്ടെന്നാണ് അന്വേഷണ സംഘം കണ്ടെത്തിയത്. കാശ്മീരിലുൾപ്പെടെ നിരവധി തവണ ഷബീർ യാത്ര ചെയ്തിട്ടുണ്ടെന്നും ഇതെല്ലാം സമാന്തര ടെലിഫോൺ എക്സ്ചേഞ്ചുമായി ബന്ധപ്പെട്ടാണെന്നുമാണ് കണ്ടെത്തൽ. കോഴിക്കോട്ടെ മൂരിയാടുള്ള സമാന്തര ടെലിഫോൺ എക്സ്ചേഞ്ചിലെ പരിശോധനയിൽ ലേലഡാക്കിലെ ഒരു ക്യാരിബാഗ് ലഭിച്ചിരുന്നു. ജമ്മുകാഷ്മീരിലും സമാന്തര ടെലിഫോൺ എക്സ്ചേഞ്ച് പ്രവർത്തിച്ചിട്ടുണ്ട്.

ഷബീർ ലേ ലഡാക്കിൽ സന്ദർശിച്ചിട്ടുണ്ടോയെന്നും വിവിധ ഏജൻസികൾക്ക് അന്നു തന്നെ വിവരം ലഭിച്ചിരുന്നു. ഡൈഡിംഗിനോടു താത്പര്യമുണ്ടെന്നു വരുത്തി വിധത്തിലാണ് ഷബീർ യാത്രകൾ നടത്തിയിരുന്നത്. എന്നാൽ, ഷബീറിൻറെ യാത്രകൾക്കു പിന്നിലെ ലക്ഷ്യം എക്സ്ചേഞ്ച് നടത്തിപ്പാണെന്നും അന്വേഷണ സംഘം വ്യക്തമാക്കി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.